(സി) ഇപ്പോൾ കരുതുന്നില്ല.

(ഡി) പുതിയ ജലശുദ്ധീകരണശാലകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ചേർത്തല പദ്ധതിയുടെ പരിധിയിലുള്ള ചേർത്തല തെക്ക് വില്ലേജിലേയും തൈക്കാട്ടുശ്ശേരി, പെരുമ്പളം എന്നീ പഞ്ചായത്തുകളിലേയും ജലസംഭരണികളൊഴികെ മറ്റെല്ലാ സംഭരണികളും ഇപ്പോൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

(ഇ) സാദ്ധ്യതാ പഠന റിപ്പോർട്ടുകൾ പരിശോധിക്കുക, വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കുക, വിവിധതരം സർവ്വേകൾ നടത്തുക, ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതും പരിശോധിക്കുന്നതും സംബന്ധിച്ച ജോലികൾ, നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം, കേരളാ വാട്ടർ അതോറിട്ടിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള സേവനങ്ങൾ (ഇൻസ്റ്റിറ്റ്യൂഷൻ സ്ട്രങ്തനിംഗ്) നല്കുക, വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കുക, പൊതുവായ നിർദ്ദേശങ്ങൾക്കുള്ള സേവനങ്ങൾ, (ജനറൽ അഡ്വൈസറി സർവ്വീസ്) തുടങ്ങിയവയാണ് കൺസൾട്ടന്റിന്റെ പ്രധാന ചുമതലകൾ.

(എഫ്) കൺസൾട്ടൻസി കരാർ നൽകാൻ തീരുമാനിച്ച ടോക്കിയോ എഞ്ചിനീയറിംഗ് കൺസോർഷ്യവും കേരള വാട്ടർ അതോറിറ്റിയും തമ്മിൽ കൺസൾട്ടൻസി കരാർ ഒപ്പുവച്ചിട്ടുണ്ട്. ജെ.ബി.ഐ.സി.യുമായുള്ള വായ്പ കരാർ (ലോൺ എഗ്രിമെന്റ്) പ്രകാരമാണ് കൺസൾട്ടൻസിക്കുള്ള കരാർ ഒപ്പു വച്ചിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥകൾ അനുസരിച്ച് കോൺട്രാക്ട് നെഗോസിയേഷൻ പൂർത്തിയാക്കി കൺസൾട്ടൻസിക്കുവേണ്ടി കരാർ ഒപ്പു വച്ചതിനുശേഷമാണ് അതിന്റെ 'സർട്ടിഫൈഡ് കോപ്പി ജെ.ബി.ഐ.സി.-യുടെ പരിശോധനയ്ക്കും അംഗീകാരത്തിനും അയയ്ക്കേണ്ടത്. മേൽപ്പറഞ്ഞ പ്രകാരം ഒപ്പുവച്ച കരാറിന് ജെ. ബി. ഐ. സി. -യുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ ആ വിവരം കൺസൾട്ടന്റിനെ അറിയിക്കുന്നതു മുതലാണ് കരാർ പ്രാബല്യത്തിൽ വരുന്നത്. ജെ.ബി.ഐ.സി.-യുടെ അംഗീകാരം കിട്ടിയിട്ടില്ലാത്തതിനാൽ കൺസൾട്ടൻസി കരാർ ഇതേവരെ പ്രാബല്യത്തിൽ വന്നിട്ടില്ല.

ഉൾനാടൻ മത്സ്യബന്ധന പദ്ധതികൾ

7 (*439) ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. ബാബുപോൾ :
ഡോ. തോമസ് ഐസക് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യബന്ധനം അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിലത് സംബന്ധിച്ച പദ്ധതികൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ആവശ്യം മുൻനിർത്തി ഒരു നിയമനിർമ്മാണം നടത്തുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഉൾനാടൻ മത്സ്യബന്ധനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി മുൻസർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവന്ന പരിപാടികൾ മുന്നോട്ടു കൊണ്ടുപോകാൻ സർക്കാർ തയ്യാറാകുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഉണ്ട്.

1. സംസ്ഥാനത്ത് തെരഞ്ഞെടുത്ത 10 ജലസംഭരണികളിൽ ശാസ്ത്രീയ മത്സ്യകൃഷി നടപ്പാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിച്ചു വരുന്നു.

2. മത്സ്യകർഷകർക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകുന്നതിന് ലക്ഷ്യമാക്കി എല്ലാ ജില്ലകളിലും ശുദ്ധജല മത്സ്യ കൃഷി വികസിപ്പിക്കുന്നതിന് മത്സ്യ കർഷക വികസന ഏജൻസികളും 6 ജില്ലകളിൽ ഓരു ജലമത്സ്യക്കർഷക വികസന ഏജൻസികളും പ്രവർത്തിച്ചുവരുന്നു.

3. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ മത്സ്യ കുഞ്ഞുങ്ങളേയും ചെമ്മീൻ കുഞ്ഞുങ്ങളേയും ഉല്പാദിപ്പിക്കുന്നതിനായി ഫിഷ് ഫാമുകളും ഹാച്ചറികളും പ്രവർത്തിച്ചുവരുന്നു.

4. വർക്കലയ്ക്കടുത്ത് ഓടയത്ത് പുതിയ ഒരു ചെമ്മീൻ ഹാച്ചറി സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

5. നാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കോട്ടയം ജില്ലയിലെ പള്ളത്ത് ഒരു ഫിഷ് ഫാം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

6. എണറാകുളം ജില്ലയിലെ പൊക്കാളി പാടശേഖരങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സംയോജിത ചെമ്മീൻ കൃഷി നടത്തി ചെമ്മീൻ ഉല്പാദനം വർദ്ധിപ്പിക്കുന്ന തിനുള്ള പദ്ധതി 'അഡാക്ക്' മുഖേന നടപ്പിലാക്കി വരുന്നു.

7. കുട്ടനാടൻ പാടങ്ങളിൽ ചെമ്മീൻ കൃഷി പരിപോഷിപ്പിച്ച് സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും 'അഡാക്ക്' നടപ്പാക്കി വരുന്നു.

(ബി) ഉണ്ട്.

(സി) ഉൾനാടൻ മത്സ്യമേഖലയിൽ 1897-ലെ ഇന്ത്യൻ ഫിഷറീസ് ആക്ട്, 1897-ലെ സെൻട്രൽ ആക്ട് 4, 1927-ലെ ഇന്ത്യൻ ഫിഷറീസ് ആക്ട്, 1950-ലെ ട്രാവൻകൂർ കൊച്ചിൻ ഫിഷറീസ് ആക്ട് എന്നിവ നിലവിലുണ്ട്. മലബാർ പ്രദേശത്ത് 1927-ലെ ഇന്ത്യൻ ഫിഷറീസ് ആക്ടും തിരു-കൊച്ചി ഭാഗങ്ങളിൽ 1950-ലെ ട്രാവൻകൂർ കൊച്ചിൻ ഫിഷറീസ് ആക്ടുമാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവ ഏകീകരിക്കുന്നതിനും പുതിയ മത്സ്യകൃഷി രീതികൾ നടപ്പിലാക്കുന്നതിനും പരിപാലിക്കുന്നതിനും ഒരു സമഗ്ര ഉൾനാടൻ മത്സ്യബന്ധന നിയമത്തിന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പ്രവർത്തനക്ഷമതയും ലക്ഷ്യപ്രാപ്തിയും വിലയിരുത്തി ഇപ്പോഴും വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

വെള്ളത്തിന്റെ ദുരുപയോഗം നിയന്ത്രിക്കുന്നതിന് നടപടി

8 (*440) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ജലവിഭവ ശേഷി നഷ്ടപ്പെടാതെ നിലനിർത്തുന്നതിനായി എന്തെങ്കിലും മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) വെള്ളത്തിന്റെ ദുരുപയോഗം നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ നിലവിലുണ്ട് ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ജലസ്രോതസ്സുകളിലെ ജലവിഭവ ശേഷി കുറയുന്നത് കുറയ്ക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

(ബി) ശുദ്ധജലവിതരണ പദ്ധതികളുടെ സ്രോതസ്സായിട്ടുള്ള നദികൾ, തോടുകൾ ഇവയിൽ തടയണകെട്ടി ജലം സംഭരിച്ച് നിറുത്തുന്നതിനുവേണ്ട പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നുണ്ട്. മഴവെള്ളം സംഭരിച്ച് കുടിവെള്ളത്തിന് ഉപയോഗിക്കുന്ന 'വർഷ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വീടുകളുടെ മേൽക്കൂരകളിൽ നിന്നും മഴവെള്ളം ശേഖരിച്ചു നിറുത്തി ഭൂമിക്കടിയിലേക്ക് താഴ്ന്നിറങ്ങുന്നതിനും കുടിവെള്ള ആവശ്യത്തിന് ഉപയോഗിക്കുന്നതിലും 'മഴവെള്ളക്കൊയ്ത്ത്' എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ് കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി, തിരുവനന്തപുരം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ കേന്ദ്രഭൂജല ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുലൈനുകളിൽ വെള്ളം ലീക്കുചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ അത് റിപ്പയർ ചെയ്ത് ലീക്ക് ഇല്ലാതാക്കുവാനും ആ പൈപ്പുകൾക്കുപകരം പുതിയവ സ്ഥാപിച്ച് ലീക്ക് ഇല്ലാതാക്കുവാനും നടപടികൾ എടുക്കുന്നുണ്ട്. ജലം ദുർവിനിയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആ വാട്ടർ കണക്ഷൻ വിച്ഛേദിക്കുവാനും നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ, ജലദുർവിനിയോഗം തടയുന്നതിന് ഉതകുന്ന തരത്തിൽ ജനങ്ങൾക്ക് ബോധവൽക്കരണ പരിപാടികൾ പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ മുഖേന സംഘടിപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly